ഓം നമസ്തുഭ്യം ഭഗവതേ വാസുദേവായ ധീമഹി
പ്രദ്യുമ്നായാനിരുദ്ധായ നമ: സങ്കഷണായച (6-16-18)
നമോ വിജ്ഞാനമാത്രായ പരമാനന്ദമൂർത്തയേ
ആത്മാരാമായ ശാന്തായ നുവൃത്തദ്വൈതദൃഷ്ടയേ (6-16-19)
ആത്മാനന്ദാനുഭൂത്യൈവ ന്യസ്തശക്ത്യൂർമ്മയേ ന്മ:
ഹൃഷീകേശായ മഹതേ നമസ്തേ വിശ്വമൂർത്തയേ (6-16-20)
വചസ്യുപരതേƒപ്രാപ്യയ ഏകോ മനസാ സഹ
അനാമരൂപശ്ചിന്മാത്ര: സോƒവ്യാന്ന: സദസത് പര: (6-16-21)
യസ്മിന്നിദം യതശ്ചേദം തിഷ്ഠത്യപ്യേതി ജായതേ
മൃൺമയേഷ്വിവ മൃജ്ജാതിസ്തസ്മൈ തേ ബ്രഹ്മണേ നമ: (6-16-22)
യന്ന സ്പൃശന്തി ന വിദുർമനോബുദ്ധീന്ദ്രിയാസവ:
അന്തർബ്ബഹിശ്ച വിതതം വ്യോമവത്തന്നതോƒസ്മ്യഹം (6-16-23)
ദേഹേന്ദ്രിയപ്രാണ മനോധിയോƒമീ യദംശവിദ്ധാ: പ്രചരന്തികർമ്മസു
നൈവാന്യദാ ലോഹമിവാപ്രതപ്തം സ്ഥാനേഷു തദ്ദ്രഷ്ട്രപദേശമേതി (6-16-24)
ഓം നമോ ഭഗവതേ മഹാപുരുഷായ മഹാനുഭാവായ മഹാ
വിഭൂതിപതയേ സകലസാത്വതപരിവൃഢനികരകരകമലകുഡ്മളോപലാളിത
ചരണാരവിന്ദയുഗള പരമ പരമേഷ്ഠിൻ നമസ്തേ (6-16-25)

ശുകമുനി തുടർന്നു: ചിത്രകേതുവിന് മകന്റെ ദേഹത്തിൽനിന്നും പോയ ആത്മാവിനെ നാരദൻ കാണിച്ചു കൊടുത്തു. അത് മറ്റേതോ ലോകത്തേക്ക് പോവുകയായിരുന്നു അപ്പോൾ. അതിനോട് നാരദൻ പറഞ്ഞു. “നിന്റെ അച്ഛനമ്മമാരും ബന്ധുക്കളും നിനക്കായി ദു:ഖിക്കുന്നു. താഴേയ്ക്കു വന്ന് വീണ്ടും ഈ ശരീരത്തിൽ പ്രവേശിച്ച് സസുഖം വാണാലും.”

ആത്മാവ് പറഞ്ഞു. “ഞാൻ ചിരഞ്ജീവിയും ശരീരങ്ങളുടെ മാറ്റങ്ങൾ ബാധിക്കാത്തതുമാണ്. ഏതു ജന്മത്തിലാണ് ഇവർ എന്റെ അച്ഛനമ്മമാരായിരുന്നത്? എല്ലാവരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. പലേ ജന്മങ്ങളിൽ പലേ ശരീരങ്ങളായി ജനിച്ചു മരിക്കുന്നതുകൊണ്ട് എല്ലാ ബന്ധങ്ങളും താൽക്കാലികം മാത്രമാണ്. എന്റേത് എന്ന തോന്നലുണ്ടാവുന്നത് ഭൗതികബന്ധം നിലനിൽക്കുമ്പോൾ മാത്രമാണ്. ആത്മാവിന് ആരോടും മമതയോ വെറുപ്പോ ഇല്ല. ആത്മാവ് വെറും നിശ്ശബ്ദസാക്ഷിയത്രെ. അതിന് സുഹൃത്തുക്കളോ ശത്രുക്കളോ ഇല്ല. കാര്യകാരണങ്ങളുടെ കണ്ണികൾക്കും ആത്മാവിനെ ബന്ധിക്കാനാവില്ല.” ഇതുകേട്ട് അത്ഭുതപരവശരായി എല്ലാവരും ദു:ഖത്തിൽനിന്നും മോചിതരായി. അവർ ശിശുവിന്റെ ശേഷക്രിയകൾ വേണ്ട പോലെ നടത്തി. ശിശുവിന്റെ മരണത്തിന് കാരണക്കാരായ സ്ത്രീകൾ പ്രായശ്ചിത്തം ചെയ്തു. ഭക്തനായ ചിത്രകേതു നാരദനിൽനിന്നും അത്യുന്നതമായ ഈ പ്രാർത്ഥന കേട്ടു. “വാസുദേവനും, പ്രദ്യുമ്നനും, അനിരുദ്ധനും, സങ്കർഷണനുമായ ഭഗവാനു നമസ്കാരം. പരമാനന്ദമായി ആത്മാവിൽ വിളങ്ങി, പ്രശാന്തവും ദ്വന്ദാതീതവുമായി വർത്തിക്കുന്ന ആ ബോധസ്വരൂപന് നമോവാകം. വിശ്വമൂർത്തിയും, മായാതീതനും, വാങ്മനോവൃത്തികൾക്കതീതനും, നാമരൂപാദികൾക്കും ഇന്ദ്രിയങ്ങൾക്കുമപ്പുറത്തുള്ളവനുമായ അവിടേയ്ക്ക് നമസ്കാരം. സർവ്വവ്യാപിയും വിശ്വസ്ഥിതിസംഹാരങ്ങൾ നടക്കുന്നതുമായ പരബ്രഹ്മത്തിനും നമസ്കാരം. മനസ്സുകൊണ്ടും ബുദ്ധിശക്തികൊണ്ടും അളക്കാനാവാത്തതും മനസ്സിനേയും ഇന്ദ്രിയങ്ങളേയും പ്രവർത്തനോന്മുഖ മാക്കുന്നതുമത്രേ ബ്രഹ്മം. ഉന്നതരും ഉത്തമരുമായ ഭക്തരാൽ പാദങ്ങൾ തഴുകപ്പെടുന്ന ആ സർവ്വേശ്വരന് നമസ്കാരം.”